# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**മേയ് 7**

**May 7**

**2019**

*1193 മേടം 23 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കെൽട്രോണിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.**

കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയാ ഡിസൈനിങ് ആന്റ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളോജിസ്, വെബ് ഡിസൈൻ ആൻഡ് ഡെവലെപ്മെന്റ്സ്, ഐഒറ്റി, പൈതോൺ, ജാവ, ഡോട്ട് നെറ്റ്, പിഎച്ച്പി, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയ്ൻ മാനേജ്മെന്റ് ഡിപ്ലോമ എന്നിവയാണ് കോഴ്സുകൾ.

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി സെന്ററിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കാം. ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ: 04712325154/4016555. (പിഎൻപി 1093/19)

**എസ്എസ്എൽസി പരീക്ഷയിൽ ഉന്നതവിജയം നേടിയ കായികതാരങ്ങളെ ആദരിച്ചു**

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കായികതാരങ്ങളായ ഒൻപത് വിദ്യാർഥികളെ ജില്ലാ സ്പോർട്സ് കൗൺസിൽ ആദരിച്ചു. സ്പോർട്സ് കൗൺസിൽ ഒരുക്കിയ സമ്മർ കോച്ചിംഗ് ക്യാമ്പിൽ പങ്കെടുത്ത വിദ്യാർഥികളെയാണ് പ്രത്യേകം ആദരിച്ചത്. ജില്ലാ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

അന്നപൂർണാദേവി പുരസ്കാരം നൽകി. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ അനിൽകുമാർ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.റ്റി.കെ.ജി നായർ, വാർഡ് കൗൺസിലർ പി.കെ ജേക്കബ്, സ്പോർട്സ് കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1094/19)

## എം.എസ്.സി ഫുഡ്ടെക്നോളജി

കോന്നി സിഎഫ്ആർഡിയുടെ കീഴിൽ കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി നടത്തുന്ന എം.എസ്.സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ ഏഴ്. കൂടുതൽ വിവരം www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പിഎൻപി 1095/19)

## ജില്ലയിൽ മുങ്ങിമരണങ്ങൾ വർധിച്ചു ; അപകടങ്ങൾക്ക് കാരണം ജാഗ്രതക്കുറവ്

ജില്ലയിൽ മുങ്ങിമരണങ്ങൾ വലിയ തോതിൽ വർധിക്കുന്നു. ഭൂരിപക്ഷം അപകടങ്ങൾക്കും കാരണം ജാഗ്രതക്കുറവാണെന്ന് ജില്ലാ ദുരന്തനിവാരണ വിഭാഗം നടത്തിയ വിശകലനത്തിൽ വ്യക്തമായതായി ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. 2018 ജനുവരി ഒന്ന് മുതൽ 2019 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ജില്ലയിൽ 49 മുങ്ങിമരണങ്ങൾ ഉണ്ടായി. ആറുകളിലും തോടുകളിലും കനാലിലും പാറക്കുളങ്ങളിലുമായി 49 ജീവനുകൾ നഷ്ടപ്പെട്ടു. ഇതിൽ ഒമ്പത് വയസുള്ള കുട്ടി മുതൽ 83 വയസ് പ്രായമുള്ളവർ വരെ ഉൾപ്പെടുന്നു.

ജില്ലാ ദുരന്തനിവാരണ വിഭാഗം 49 മുങ്ങിമരണങ്ങൾ സംബന്ധിച്ച് വിശകലനം നടത്തി. മരണപ്പെട്ടവരിൽ 15 പേർ 25 വയസിൽ താഴെയുള്ളവരാണ്. ഇതിൽ തന്നെ അഞ്ച് പേർ കുട്ടികളും 10 പേർ കൗമാരക്കാരുമാണ്. 25 വയസിനും 50 വയസിനുമിടയിൽ പ്രായമുള്ളവർ 11 പേരുണ്ട്. ബാക്കിയുള്ളവർ 50 വയസിന് മുകളിൽ പ്രായമുള്ളവരാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 18 നും 50 വയസിനും ഇടയിൽ മരിച്ചവർ 17ഉം 50നും 85നും മധ്യേ പ്രായമുള്ള 16 പേരുമാണ് മുങ്ങി മരിച്ചത്.

2019 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ 12 പേർ മുങ്ങിമരിച്ചെങ്കിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ മരണപ്പെട്ടത് അഞ്ച് പേരാണ്. കഴിഞ്ഞ വർഷത്തേതിന്റെ ഇരട്ടിയാണ് ഈ വർഷത്തെ മുങ്ങിമരണം. 2018 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ ഉൾപ്പെടുന്ന മധ്യവേനൽ അവധിക്കാലത്ത് രണ്ട് കൗമാരക്കാർക്ക് ജീവൻ നഷ്ടപ്പെട്ടു. ഈ വർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മാത്രം നാല് പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. വർഷകാലമായി കണക്കാക്കുന്ന ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ 25 പേരാണ് മുങ്ങിമരിച്ചത്. അത്രതന്നെ വേനൽകാലത്തും മരിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തെ തുടർന്ന് ആഗസ്റ്റ് 15 മുതൽ 27 വരെ ജില്ലയിൽ വെള്ളത്തിൽവീണ് ഏഴ് പേർ മരിച്ചു. കുളിക്കുന്നതിനും മീൻ പിടിക്കുന്നതിനും ഉൾപ്പെടെ ഇറങ്ങിയവരാണ് മരണപ്പെട്ടത്. ഇവയൊന്നും പ്രളയവുമായി ബന്ധപ്പെട്ട് ഉണ്ടായവയല്ല. ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ഈ മരണങ്ങളും ഒഴിവാക്കാമായിരുന്നു.

ജില്ലയിൽ ഏറ്റവും കൂടുതൽ മുങ്ങിമരണങ്ങൾ ഉണ്ടാകുന്നത് പമ്പാ നദിയിലെ പെരിനാട്, വടശേരിക്കര, കോഴഞ്ചേരി, ആറന്മുള എന്നീ ഭാഗങ്ങളിലും അച്ചൻകോവിലാറ്റിലെ കോന്നി, വള്ളിക്കോട്, പ്രമാടം, തുമ്പമൺ എന്നീ ഭാഗങ്ങളിലും കല്ലടയാറ്റിലുമാണ്. സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത് ഈ വർഷത്തെ മുങ്ങിമരണങ്ങളുടെ ക്രമാതീതമായ വർധനയാണ്. മുങ്ങിമരണങ്ങൾ കൂടാനുള്ള ഒരു സാധ്യത, കഴിഞ്ഞവർഷം ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലാണെന്ന് വിലയിരുത്തപ്പെടുന്നു. മണൽ അടിഞ്ഞ സ്ഥലങ്ങളിൽ ചെളിയും അടിഞ്ഞിട്ടുള്ളതിനാൽ നദിയുടെ ആഴം കണക്കാക്കാൻ പറ്റാതെ വരുന്നതാകാം ഒരു കാരണം. മറ്റൊരു പ്രധാന കാരണമായി അഗ്നിശമന സേനാ ഉദ്യോഗസ്ഥർ

ചൂണ്ടിക്കാട്ടുന്നത് നീന്തൽ അറിയാത്തതോ പരിചയം ഇല്ലാത്ത സ്ഥലങ്ങളിൽ കുളിക്കാൻ ഇറങ്ങുന്നതോ ആണ്. അവധി ദിവസങ്ങളിൽ കൂട്ടുകാരുടെയും ബന്ധുക്കളുടെയും വീട്ടിൽ വരുന്നതും തീരെ പരിചയമില്ലാത്ത പുഴയുടെ ഭാഗങ്ങളിൽ കുളിക്കാൻ ഇറങ്ങുന്നതും അപകടത്തിന് കാരണമാകുന്നുണ്ട്.

പ്രായഭേദമെന്യേ കൗമാരക്കാരിലും പ്രായമായവരിലും നീന്തലിനെപ്പറ്റിയും പുഴകളെപ്പറ്റിയും അവബോധം ഉണ്ടാക്കിയെടുക്കുകയാണ് ജലാശയങ്ങളുമായി ബന്ധപ്പെട്ട അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള മാർഗം. സ്കൂളുകളിലും സമൂഹത്തിലും ഇതിനായി വ്യാപകമായി പ്രചാരണം നടത്തും. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കും. വെള്ളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുന്നതിന് പരിശീലനം നൽകുകയും രക്ഷപ്പെടുത്തിയവർക്ക് പ്രഥമശുശ്രൂഷ നൽകുന്നത് സംബന്ധിച്ച് ക്ലബുകൾ, സന്നദ്ധസേവകർ എന്നിവർക്ക് പരിശീലനം നൽകുമെന്നും മുങ്ങിമരണങ്ങൾ വിഷയമാക്കി അടിക്കടി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ മോക്ഡ്രിൽ നടത്തുമെന്നും ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു.

രക്ഷകർത്താക്കൾ കുട്ടികളെ തനിച്ച് പുഴയിലോ തോടുകളിലോ കുളിക്കാൻ വിടുന്നത് നിരുത്സാഹപ്പെടുത്തണമെന്നും പ്രായഭേദമെന്യേ ആരും തന്നെ പുഴയുടെ പരിചിതമല്ലാത്ത ഭാഗങ്ങളിൽ കുളിക്കാൻ ഇറങ്ങരുതെന്നും ജില്ലാ കളക്ടർ പി.ബി.നൂഹ് അഭ്യർഥിച്ചു. ലഹരിപദാർഥങ്ങൾ ഉപയോഗിച്ച ശേഷം പുഴയിൽ കുളിക്കാൻ ഇറങ്ങുന്നത് അപകടത്തിന് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. (പിഎൻപി 1096/19)

## വാർഷിക പുതുക്കലിന് അവസരം

കെട്ടിടനിർമാണ ക്ഷേമബോർഡിലെ അംഗതൊഴിലാളികളിൽ 2018 വർഷത്തെ വാർഷിക പുതുക്കൽ നടത്തുന്നതിൽ വിഴ്ചവരുത്തിയവർക്ക് മെയ് 10 മുതൽ 31 വരെ വാർഷിക പുതുക്കലിന് അവസരമുണ്ട്. അപേക്ഷയോടൊപ്പം ബോർഡിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, തൻവർഷം അംശദായം ഒടുക്കിയ രസീത്/ബാങ്ക് പാസ്ബുക്ക് എന്നിവ സഹിതം അതത് ട്രേഡ് യൂണിയൻ ഭാരവാഹികൾ മുഖേന ബുക്കുകൾ നൽകണം. നേരിട്ട് ഹാജരാകുന്ന തൊഴിലാളികൾക്ക് ഉച്ചയ്ക്ക് രണ്ട് മുതൽ ബുക്ക് പുതുക്കിനൽകും. നേരിട്ട് നൽകുന്ന അപേക്ഷകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ/അതത് ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി/അംഗീകൃത ട്രേഡ് യൂണിയൻ ഭാരവാഹികൾ സാക്ഷ്യപ്പെടുത്തണം.

(പിഎൻപി 1097/19)

## ഫോട്ടോ അടിക്കുറിപ്പ്

1) എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കായിക താരങ്ങളെ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചപ്പോൾ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.